(ഡി) നിയമ വിധേയമല്ലാതെ ഗിഫ്റ്റുകൾ നൽകിയതുമൂലം കഴിഞ്ഞ നാല് വർഷത്തിനിടയിൽ സഹകരണ സംഘം/ബാങ്കുകളിലെ ഭരണ സമിതികളിൽ നിന്നും തുകയൊന്നും തിരിച്ചു പിടിച്ചിട്ടില്ല. എന്നാൽ റ്റി. 367-ാം നമ്പർ കാട്ടാക്കട ക്രിസ്ത്യൻ കോളേജ് എംപ്ലോയീസ് സഹകരണ സംഘം ഗിഫ്റ്റ് വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് സംഘത്തിന് ഉണ്ടായിട്ടുള്ള നഷ്ടം അതിനുത്തരവാദികളായവരിൽനിന്നും ഈടാക്കുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 68(2) അനുസരിച്ച് തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ 24-11-2009-ലെ സി. എസ്. 8162/06/കെ.ഡിസ് നമ്പർ ഉത്തരവ് നൽകിയിരുന്നു. ടി തുക സംഘം തിരിച്ചു പിടിച്ചിട്ടില്ല. ടി ഉത്തരവിനെതിരെ സംഘം സർക്കാരിൽ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്.

ഇപ്പോൾ അന്വേഷണം/പരിശോധന നടത്തുന്ന സഹകരണ സംഘങ്ങളിലെ അന്വേഷണവും പരിശോധനയും പൂർത്തിയാകുന്നതോടുകൂടി ഇപ്രകാരം ഗിഫ്റ്റ് വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ടി സംഘങ്ങൾക്ക് എതിരേയും നടപടികൾ സ്വീകരിക്കുന്നതാണ്.

കേപ്പിന്റെ നേതൃത്വത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

12 (5417) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 'കേപ്പ്'-ന്റെ നേതൃത്വത്തിൽ പുതുതായി എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 'കേപ്പ്'-ന്റെ നേതൃത്വത്തിൽ പുതുതായി താഴെ പറയുന്ന 4 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

1. കോളേജ് ഓഫ് എഞ്ചിനീയറിംഗ് & മാനേജ്മെന്റ്, പുന്നപ്ര
2. കോളേജ് ഓഫ് നഴ്സിംഗ്, കൊച്ചി
3. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & ടെക്നോളജി, പുന്നപ്ര
4. ഫിനിഷിംഗ് സ്കൂൾ, പുന്നപ്ര.

സഹകരണ വകുപ്പിന്റെ കാര്യക്ഷമത

13 (5418) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന്റെ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly